**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2869** **28-02-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചി കായലിലെ എക്കലും ചെളിയും നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി കായലിൽ നിറഞ്ഞുകിടക്കുന്ന എക്കലും ചെളിയും നീക്കം ചെയ്ത് ജലയാനങ്ങളുടെ യാത്രയും മത്സ്യബന്ധനവും സുഗമമാക്കുന്നതിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കൊച്ചി കായലിലെ എക്കലും ചെളിയും നീക്കം ചെയ്ത് ജലയാനങ്ങളുടെ യാത്രയും മത്സ്യബന്ധനവും സുഗമമാക്കുന്നതിനായി എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട് വില്ലിംഗ്ടൺ ഐലന്റ് ബ്രിഡ്ജ് മുതൽ അരൂർ ബ്രിഡ്ജ് വരെയുള്ള (ഇടക്കൊച്ചി - അരൂർ) വേമ്പനാട്ട് കായലിന്റെ ആഴംകൂട്ടൽ - റീച്ച് -1 എന്ന 120 ലക്ഷം രൂപയുടെ പ്രവൃത്തിയും, ഫോർട്ടു കൊച്ചി മുതൽ മട്ടാഞ്ചേരി വരെയുള്ള SWTD ബോട്ട് റൂട്ടിന്റെ ആഴം കൂട്ടലിന് മൂന്ന് റീച്ചുകളിലായി റീച്ച് ഒന്നിനും രണ്ടിനും 193 ലക്ഷം രൂപയുടെ വീതം പ്രവൃത്തികളും, റീച്ച് മൂന്നിൽ 198 ലക്ഷം രൂപയുടെ പ്രവൃത്തിയും ഇപ്പോൾ നടന്നുവരുന്നു.<br><br>കൂടാതെ എറണാകുളം ജില്ലയിൽ പെരുമ്പടപ്പ് കുമ്പളങ്ങി പാലം മുതൽ കണ്ണമാലി വരെയുള്ള വേമ്പനാട് കായലിന്റെ ആഴംകൂട്ടലിന് 452 ലക്ഷം രൂപയുടെയും, ഇടക്കൊച്ചി അരൂർ പാലം മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി പാലം വരെയുള്ള വേമ്പനാട്ട് കായലിന്റെ ആഴം കൂട്ടലിന് 950ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ പ്രകാരം പ്രവൃത്തിയിലൂടെ ലഭിക്കുന്ന മണ്ണിന്റെ അളവ് വളരെ കൂടുതൽ ആയതിനാൽ താല്പര്യപത്രം (Expression of interest) ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |
| (ബി) | ഇല്ലെങ്കിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | കൊച്ചി കായലിലെ എക്കലും ചെളിയും നീക്കം ചെയ്ത് ജലയാനങ്ങളുടെ യാത്രയും മത്സ്യബന്ധനവും സുഗമമാക്കുന്നതിനായി എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട് വില്ലിംഗ്ടൺ ഐലന്റ് ബ്രിഡ്ജ് മുതൽ അരൂർ ബ്രിഡ്ജ് വരെയുള്ള (ഇടക്കൊച്ചി - അരൂർ) വേമ്പനാട്ട് കായലിന്റെ ആഴംകൂട്ടൽ - റീച്ച് -1 എന്ന 120 ലക്ഷം രൂപയുടെ പ്രവൃത്തിയും, ഫോർട്ടു കൊച്ചി മുതൽ മട്ടാഞ്ചേരി വരെയുള്ള SWTD ബോട്ട് റൂട്ടിന്റെ |

| | | | |
|---|---|---|---|
| | | | ആഴം കൂട്ടലിന് മൂന്ന് റീച്ചുകളിലായി റീച്ച് ഒന്നിനും രണ്ടിനും 193 ലക്ഷം രൂപയുടെ വീതം പ്രവൃത്തികളും, റീച്ച് മൂന്നിൽ 198 ലക്ഷം രൂപയുടെ പ്രവൃത്തിയും ഇപ്പോൾ നടന്നുവരുന്നു.<br><br>കൂടാതെ എറണാകുളം ജില്ലയിൽ പെരുമ്പടപ്പ് കുമ്പളങ്ങി പാലം മുതൽ കണ്ണമാലി വരെയുള്ള വേമ്പനാട് കായലിന്റെ ആഴംകൂട്ടലിന് 452 ലക്ഷം രൂപയുടെയും, ഇടക്കൊച്ചി അരൂർ പാലം മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി പാലം വരെയുള്ള വേമ്പനാട്ട് കായലിന്റെ ആഴം കൂട്ടലിന് 950ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ പ്രകാരം പ്രവൃത്തിയിലൂടെ ലഭിക്കുന്ന മണ്ണിന്റെ അളവ് വളരെ കൂടുതൽ ആയതിനാൽ താല്പര്യപത്രം (Expression of interest) ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |
| (സി) | ഇപ്രകാരം നീക്കം ചെയ്യുന്ന എക്കലും ചെളിയും വെള്ളക്കെട്ടുമൂലം ദുരിതം അനുഭവിക്കുന്ന താഴ്ന്ന പ്രദേശങ്ങളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ജലപാതകളുടെ ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തികളിൽ നിന്നു ലഭിക്കുന്ന സ്പോയിലിന്റെ ഘടന പരിശോധിച്ച ശേഷമാണ് അതിന്റെ ഉപയോഗം നിശ്ചയിക്കപ്പെടുന്നത്. 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പോലെയുള്ള നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി മാത്രമെ ടി.സ്പോയിൽ നിക്ഷേപിക്കുന്ന പ്രദേശങ്ങൾ തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ